## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *536 — 26.03.2018-ൽ മറുപടിയ്ക്ക്

## ഭൂനികുതി പിരിച്ചെടുക്കൽ

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, കെ.എൻ.എ ഖാദർ<br>,, എം.ഉമ്മർ<br>,, പാറക്കൽ അബ്ദുല്ല | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ഭൂനികുതി അതതു വർഷം തന്നെ പൂർണ്ണമായി പിരിച്ചെടുക്കാൻ സാധിക്കുന്നുണ്ടോ, ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) ഉണ്ട്. സംസ്ഥാനത്ത് ഒട്ടാകെ അടിസ്ഥാന ഭൂനികുതി ഇനത്തിൽ 100% പിരിവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാന ഭൂനികുതി ഇനത്തിൽ ജില്ല തിരിച്ചുള്ള കണക്ക് പരിശോധിക്കുമ്പോൾ തിരുവനന്തപുരം , കൊല്ലം , കോട്ടയം , ഇടുക്കി, വയനാട് , കാസർഗോഡ് ജില്ലകളിൽ 100% പിരിവ് കൈവരി ച്ചിട്ടില്ല. . 2018 മാർച്ച് മാസത്തോടുകൂടി ഈ ജില്ലകളിലും 100% പിരിവ് കൈവരി ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി ജില്ലകളിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ അധിക പിരിവ് വന്നതായും കാണുന്നു.<br>2017-18 സാമ്പത്തിക വർഷത്തെ 2018 ഫെബ്രുവരി മാസം വരെയുള്ള അടി സ്ഥാന ഭൂനികുതി ഇനത്തിലെ പിരിവ് വിവരം ചുവടെ ചേർക്കുന്നു.<br><br>ആകെ മുതൽ - 62.17 കോടി രൂപ<br>ആകെ സ്റ്റേ - 2.67 കോടി രൂപ<br>പിരിയ്ക്കാവുന്ന മുതൽ - 58.30 കോടി രൂപ<br>ആകെ പിരിവ് - 61.60 കോടി രൂപ<br>പിരിവ് ശതമാനം - 1 05.66% |

എന്നാൽ പഴയ വില്ലേജ് റിക്കോർഡുകൾ പ്രകാരം വിദേശ കമ്പനികളായ മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് , മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി, ഹാരിസൺസ് ക്രോസ് ഫീൽഡ്സ്, ഈസ്റ്റ് ഇൻഡ്യൻ റ്റീ കമ്പനി, ട്രാവൻകൂർ റ്റീ കമ്പനി മുതലായ കമ്പനികളുടെ പേരിൽ കാണുന്ന ഭൂമിക്ക് നിലവിൽ നടന്നുവരുന്ന നിയമ നടപടികളിൽ തീരുമാനമാകുന്നതു വരെ ഭൂനികുതി സ്വീകരിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും നിർത്തി വയ്ക്കണമെന്ന് ഗവൺമെന്റ് ലാൻഡ് റിസംപ് ഷൻ, സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം , പത്തനംതിട്ട , കോട്ടയം , ഇടുക്കി ജില്ലകളിൽ പ്രസ്തുത കമ്പനികളുടെ പേരിലുള്ള ഭൂമിയുടെ അടിസ്ഥാന ഭൂനികുതി സ്വീകരിക്കാതെ സ്റ്റേയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇടുക്കി ജില്ല യിൽ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിലെ ഭൂമി സംബന്ധമായ ക്രമക്കേടുകൾ മൂലം കരമടവ് തടഞ്ഞിട്ടുള്ള കേസുകളിലും, ചതുരംഗപ്പാറ വില്ലേജിലെ തണ്ടപ്പേർ മോഷണം പോയത് പുനസ്ഥാപിക്കാത്ത കേസുകളിലും ആനവിലാസം വില്ലേജി ലെ റീസർവ്വേ നമ്പരുകളിലെ അപാകത മൂലം കരമടവ് തടഞ്ഞിട്ടുള്ള കേസു കളിലും നിലവിൽ ഭൂനികുതി കുടിശ്ശി കയായി സ്റ്റേയിൽ ഉൾപ്പെടുത്തി യിരിക്കുന്നു. പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കിഴക്കഞ്ചേരി -2 വില്ലേജിൽ യു.ടി.ടി കമ്പനിയുടെ കൈവ ശത്തിലുണ്ടായിരുന്നതുമായ ഭൂമിയുടെ നികുതിയായ 0.03 കോടി രൂപ, പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തതുമൂലം പിരി ക്കുവാൻ കഴിയാതെ സ്റ്റേയിൽ ഉൾപ്പെട്ടു ത്തിയിട്ടുണ്ട് .

അടിസ്ഥാന ഭൂനികുതി ഇനത്തിൽ മുതൽ പിരിവ് ബാക്കി പട്ടിക പരിശോധി ക്കുമ്പോൾ എല്ലാ സാമ്പത്തിക വർഷവും 100% പിരിവ് കൈവരിക്കുവാൻ സാധിക്കു

ന്നുണ്ട്. ഏതെങ്കിലും വില്ലേജുകളിൽ ഈ ഇനത്തിൽ 100% പിരിവ് കൈവരിക്കു വാൻ സാധിക്കുന്നില്ലായെങ്കിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച് പിരിവ് ഊർജ്ജിതമാക്കിയും വരുന്നുണ്ട് .

**സെക്ഷൻ ഓഫീസർ**

RG -

## അടിസ്ഥാന ഭൂനികുതിയുടെ 2018 ഫെബ്രുവരി മാസത്തെ മുതൽ പിരിവ് ബാക്കി കണക്ക്

| ജില്ല | ആകെ ഡിമാൻറ് | ആകെ സ്റ്റേ | പിരിക്കാവുന്ന മുതൽ | ആകെ പിരിവ് | പിരിക്കുവാൻ ബാക്കി | പിരിവ് ശതമാനം |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 5.61 | 0.00 | 5.61 | 4.22 | 1.38 | 75.34 |
| കൊല്ലം | 4.64 | 1.18 | 3.46 | 3.25 | 0.21 | 93.87 |
| പത്തനംതിട്ട | 2.18 | 0.15 | 2.03 | 2.38 | -0.35 | 117.14 |
| ആലപ്പുഴ | 2.58 | 0.00 | 2.16 | 2.71 | -0.55 | 125.52 |
| കോട്ടയം | 4.98 | 0.30 | 4.68 | 4.37 | 0.31 | 93.40 |
| ഇടുക്കി | 6.25 | 0.34 | 5.91 | 4.95 | 0.96 | 83.72 |
| എറണാകുളം | 4.74 | 0.00 | 4.74 | 5.05 | -0.31 | 106.59 |
| തൃശ്ശൂർ | 3.55 | 0.00 | 3.52 | 4.14 | -0.62 | 117.58 |
| പാലക്കാട് | 6.27 | 0.03 | 5.71 | 5.79 | -0.08 | 101.32 |
| മലപ്പുറം | 5.06 | 0.00 | 5.06 | 6.77 | -1.71 | 133.72 |
| കോഴിക്കോട് | 3.96 | 0.00 | 3.75 | 5.14 | -1.38 | 136.86 |
| വയനാട് | 3.40 | 0.68 | 2.71 | 2.67 | 0.05 | 98.33 |
| കണ്ണൂർ | 5.77 | 0.00 | 5.77 | 7.07 | -1.30 | 122.50 |
| കാസർഗോഡ് | 3.19 | 0.00 | 3.19 | 3.10 | 0.08 | 97.36 |
| **ആകെ** | **62.17** | **2.67** | **58.30** | **61.60** | **-3.30** | **105.66** |

(ഒപ്പ്)
ജോയിൻറ് കമ്മീഷണർ
ലാൻഡ് റവന്യൂ

വി.രാജദാസ്
അസിസ്റ്റൻറ് കമ്മീഷണർ (എൽ.ആർ)